ഉത്തരം

(എ) പൂർത്തീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയിലെ പമ്പിംഗ് മെയിനിനും വിതരണ ശൃംഖലയിലെ പൈപ്പ്ലൈനിനും വേണ്ടിയുള്ള പൈപ്പുകൾ ലഭിക്കാതിരുന്നതിനാലാണ് പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായത്.

(സി) 1999-ൽ.

(ഡി) ഉണ്ട്.

(ഇ) പ്രസ്തുത പദ്ധതി 2003-ഡിസംബറിൽ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

കുഴൽമന്ദം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹാരം

28 (1712) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ പുതുതായി ഏതെല്ലാം പദ്ധതികളുടെ പണികളാണ് വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുള്ളത് ;

(ബി) ഭാരതപ്പുഴ ജലസ്രോതസ്സായിട്ടുള്ള എത്ര പദ്ധതികളാണ് നിലവിലുള്ളത് ; പുതുതായി ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് ;

(സി) ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം ഏതെങ്കിലും പദ്ധതിയുടെ പണി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(ഡി) നിലവിൽ പണി ആരംഭിച്ചിട്ടുള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാനും പുതുതായി ആരംഭിക്കാനിരിക്കുന്ന പദ്ധതികൾ കാലതാമസം കൂടാതെ ആരംഭിക്കാനും ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കുഴൽമന്ദം മണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്.

1. തരൂർ ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.
2. എ.ആർ.ഡബ്ലിയു.എസ്.എസ്.ൽ ഉൾപ്പെടുത്തി കുട്ടൻകോട് മിനി കുടിവെള്ള പദ്ധതി.
3. എ.ആർ.ഡബ്ലിയു.എസ്.എസ്.ലെ തുപ്പാരകുളം പൈപ്പുലൈൻ മിനിപദ്ധതി.
4. കേരള വികസന പദ്ധതിയിൽപ്പെടുത്തി വാളയാർതൊടി മിനിപദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

5. കേരള വികസന പദ്ധതിയിലെ മന്ദംപുള്ളി മിനിപദ്ധതി.

6. കേരള വികസന പദ്ധതിയിലെ കുഴൽമന്ദം പദ്ധതിയുടെ ഗ്യാലറി നിർമ്മാണം.

(ബി) കുഴൽമന്ദം മണ്ഡലത്തിൽ ഭാരതപ്പുഴ സ്രോതസ്സായി പദ്ധതികളൊന്നും നിലവിലില്ല. പക്ഷേ പോഷക നദിയായ ചിറ്റൂർപുഴ സ്രോതസ്സായി ആർ.ഡബ്ലിയു.എസ്.എസ്.ന് കുഴൽമന്ദം എന്ന പദ്ധതിയുണ്ട്. എന്നാൽ പുതുതായി എൻ.സി./പി.സി.കവറേജിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന 4 പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കുഴൽമന്ദം പഞ്ചായത്തിലെ 1,2,3,6,8,10 വാർഡുകൾക്ക് (ഭാരതപ്പുഴ സ്രോതസ്സ്)
2. കോടായി പഞ്ചായത്തിലെ 1,2,3,5,6 വാർഡുകൾക്ക് (ഭാരതപ്പുഴ സ്രോതസ്സ്)
3. മാത്തൂർ പഞ്ചായത്തിലെ 1,4,5,6,7,8,9,10 വാർഡുകൾക്ക് (ചിറ്റൂർപ്പുഴ)
4. കുത്തന്നൂർ പഞ്ചായത്തിലെ 1,2 വാർഡുകൾക്ക് (ഭാരതപ്പുഴ സ്രോതസ്സ്)

(സി) ആരംഭിച്ചിട്ടുണ്ട്. തരൂർ-2-വില്ലേജിനുള്ള ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതികളുടെ എല്ലാ ഘടകങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

29 (1714) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പണിതുകൊണ്ടിരിക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ ;

(ബി) അവ ഏതൊക്കെ പഞ്ചായത്തിലാണെന്നും ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര വീതമെന്നും വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ ഏജൻസികളാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത് ;

(ഡി) ഈ പ്രവർത്തികളുടെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു. †

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly